I/69616/2022

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം
- മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ, മാറനല്ലൂർ വില്ലേജിൽ പ്ലോട്ട് സബ് ഡിവിഷൻ- ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : Sri. Bonaface, Selin Bonaface എന്നിവരുടെ 01.08.2022, 27/08/2022 എന്നീ തീയതികളിലെ അപേക്ഷകൾ

**ഉത്തരവ് നമ്പർ TCPTVM/1017/2022-D തീയതി 19-09-2022**

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ മാറനല്ലൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 356/16-2, 356/14-2, 356/13-2, 356/14-1, 356/13-1, 356/16-1, 356/19-1, 356/19 - ൽ ഉൾപ്പെടുന്ന 13938 sqm വിസ്തൃതിയുള്ള വസ്തുവിൽ വാസഗൃഹങ്ങൾ നിർമ്മിക്കാനുള്ള പ്ലോട്ട് സബ് ഡിവിഷൻ അനുമതിക്കായി ചട്ടം 31(xii) പ്രകാരം ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരത്തിനായി ശ്രീ.ബോണി ഫേസ്, ശ്രീമതി.സെലിൻ ബോണി ഫേസ്, ശ്രീ.സിൽവദാസ്, ശ്രീ.ബെൽസൺ, ശ്രീ.ഗോപകുമാർ, ശ്രീ. അരുൺരാജ്, ശ്രീ.അജികുമാർ എന്നിവർ നേരിട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ KPBR ചട്ടം 30 (1) (11) പ്രകാരം താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:-**

1. കേരള പഞ്ചായത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.പി.ബി.ആർ 2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം.
2. നിർമ്മാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലെന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം പ്ലോട്ട് സബ് ഡിവിഷൻ അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
3. പ്രസ്തുത സ്ഥലത്തു ലഭ്യമായ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം.
4. KPBR -2019 ചട്ടം 10 പ്രകാരം പ്രസ്തുത സ്ഥലത്തു Earth work നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽനിന്നും NOC ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
5. നിർദിഷ്ട ലേ-ഔട്ടിൽ ഡ്രൈനേജിനുള്ള സൗകര്യം നൽകിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രൈനേജ് (മഴവെള്ളം/മലിനജലം) പരിസരവാസി കൾക്ക് ദോഷമുണ്ടാക്കരുത് .
6. പ്രസ്തുത പ്ലോട്ട് സബ്ഡിവിഷൻ കെ.പി.ബി.ആർ 2019 ചട്ടം 31.1 പൂർ ണമായി പാലിച്ചിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. കെ.പി.ബി.ആർ 2019 ചട്ടം 31.1 (v) നു അനുസൃതമായി Recreational open space, പ്ലോട്ട് സബ് ഡിവിഷൻ ലേ ഔട്ട് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം നിർദിഷ്ട സ്ഥാനത്തു നല്കിയയിട്ടുണ്ടെന്നു സെക്രട്ടറി പരിശോധിച്ചു ഉറപ്പുവരുത്തണം.
8. കെ.പി.ബി.ആർ 2019 ചട്ടം 31.1 (viii) നു അനുസൃതമായി Street Junctions നു ആവശ്യമായ റോഡ് Splay നൽകേണ്ടതാണ്

I/69616/2022

9. പ്ലോട്ട് സബ്ഡിവിഷനു കെ.പി.ബി.ആർ 2019 ചട്ടം 31.1 (xiv) പ്രകാരമുള്ള Surface water drainage നു വേണ്ടതായ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം
10. അപേക്ഷകരും സ്ഥല ഉടമസ്ഥരും ആയ ശ്രീ.ബോണിഫേസ്, ശ്രീമതി.സെലിൻ ബോണിഫേസ്, ശ്രീ.സിൽവദാസ്, ശ്രീ.ബെൽസൺ , ശ്രീ.ഗോപകുമാർ, ശ്രീ. അരുൺരാജ്, ശ്രീ.അജികുമാർ എന്നിവർ ശ്രീ റിന്റു . ആർ ന് അപേക്ഷകൾ സമർപ്പിക്കുന്നതിനും, അവരുടെ അഭാവത്തിൽ ഹാജരാകുന്നതിനും, ഒപ്പു രേഖപെടുത്തുന്നതിനും സത്യവാങ്മൂലം നൽകിയ ചുമതലപെടുത്തലിന്റെ നെയ്യാറ്റിൻകര നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയർ സാഷ്യപെടുത്തിയ പകർപ്പ് സഹിതം ശ്രീ റിന്റു ആർ നേരിട്ട് സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് ഈ ലേ ഔട്ട് അംഗീകാരം നൽകിയിരിക്കുന്നത്. അപേക്ഷകർക്കുവേണ്ടി റിന്റു.ആർ എന്ന വ്യക്തിയാണ് പ്ലാനുകൾ, Appendix A4 എന്നിവയിൽ ഒപ്പു രേഖപ്പെടുത്തിയിരിക്കുന്നത്. KPBR 2019 Rule 6 (15) ൽ "If the plot is owned by more than one person, the application shall be submitted jointly and signed by all the persons or by legally authorized representative of such persons, if any" ആകണം എന്ന് പറയുന്നു. KMBR-19 ചട്ടം 6(3) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം " All plans submitted shall include the name, address and signature of the land owner, applicant and registered Institution / Architect/ Engineer/Town Planner/ Supervisor" എന്ന് പറയുന്നു. KPBR 2019 Rule 9 (2) പ്രകാരം പെർമിറ്റ് നൽകുന്നതിന് മുൻപ് സെക്രട്ടറി സ്ഥലത്തിന്റെ ഉടമസ്ഥത ഉറപ്പ് വരുത്തണം എന്ന് വ്യക്തമാക്കുന്നു. ആയതിനാൽ ഈ ലേ ഔട്ടഗീകാരത്തിന് അടിസ്ഥാനമാക്കിയിട്ടുള്ള മേൽ വിവരിത സത്യവാങ്മൂലം നിയമാനുസൃതമാണ് എന്ന് ഉറപ്പു വരുത്തി KPBR 2019 Rule 6 (15), 6(3), 9(2) എന്നിവ പാലിച്ചിട്ടുണ്ട് എന്ന് പെർമിറ്റിനായുള്ള അപേഷപരിഗണിക്കുമ്പോൾ ഉറപ്പു വരുത്തി മാത്രമേ വികസന അനുമതി നൽകാവൂ. ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**41 /2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

**RAJESH T N**
**TOWN PLANNER**

Signed by
Rajesh T N
Date: 19-09-2022 19:33:56

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്: സെക്രട്ടറി
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്:
1) അപേക്ഷകൻ,(അറിവിലേയ്ക്കായി)
Sri Boniface & Selin Boniface, MRA 66 TC- 27/5
Pattoor, Koonkuzhi, opp. Public Health Lab
Vanchiyoor P.O.
2) കരുതൽ ഫയൽ
3) ഫയൽ.